നം. എ2/2432/2016/ടിബിഒ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
(പാഠപുസ്തക വിഭാഗം), പത്മവിലാസം റോഡ്,
ഫോർട്ട്, തിരുവനന്തപുരം-23,
തീയതി : 22/12/2016
ഫോൺ നം. 0471 2450027
textbookofficer@gmail.com

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2017-18 വർഷത്തേക്കാവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഐടി സ്കൂൾ വെബ്സൈറ്റിൽ ഓൺലൈനായി ഇൻഡന്റിംഗ് നൽകുന്നത് സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 09.08.2016-ലെ യോഗത്തിലെ തീരുമാനം.

2017-18 അദ്ധ്യയന വർഷത്തിൽ 10-ാം ക്ലാസ്സ് ഒഴികെയുള്ള 1 മുതൽ 9 വരെയുള്ള പാഠപുസ്തകങ്ങൾ 60 പേജിന് മുകളിലാണെങ്കിൽ മൂന്ന് വാല്യങ്ങളാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒന്നാംവാല്യം പുസ്തകങ്ങൾ ജൂൺ 1-ന് മുമ്പായി വിതരണം നടത്തുന്നതിനും രണ്ടാം വാല്യം പുസ്തകങ്ങൾ സെപ്തംബർ 1 ന് മുൻപായും മൂന്നാം വാല്യം പുസ്തകങ്ങൾ ഡിസംബർ 1 ന് മുൻപായും വിതരണം പൂർത്തീകരിക്കുന്നതിനാണ് കെ.ബി.പി.എസ് -ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത് എന്നിരുന്നാലും ഒന്നാം വാല്യം പാഠപുസ്തങ്ങളും രണ്ടാം വാല്യം പൂഠപുസ്തകങ്ങളും മെയ് 30-ന് മുൻപ് അച്ചടി പൂർത്തിയാക്കാനാണ് സർക്കാർ തീരുമാനം.

2017-18 അദ്ധ്യയന വർഷത്തേക്ക് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്ക് പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്കൂളുകളിൽ നിന്നും ഐറ്റി@സ്കൂൾ വെബ്സൈറ്റിൽ ഓൺലൈനായി **2016 ഡിസംബർ 22 മുതൽ 31 വരെ** ഒറ്റത്തവണ ഇൻഡന്റ് ചെയ്യേണ്ടതാണ്. 2017-18 അദ്ധ്യയനവർഷത്തെ ആറാം സാദ്ധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മുൻപ് നൽകിയ ഇൻഡന്റിനേക്കാൾ കൂടുതൽ പാഠപുസ്തകങ്ങൾ ആവശ്യമെങ്കിൽ അതനുസരിച്ച് ഇൻഡന്റ് ക്രമീകരിക്കുന്നതിനായി ജൂൺ 20 മുതൽ 30 വരെ ആയതിനുള്ള അവസരം ഐറ്റി@സ്കൂൾ വെബ്സൈറ്റിൽ ഒരുക്കുന്നതാണ്. സ്കൂളിൽ നിന്നും ഇൻഡന്റ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

മുൻ വർഷത്തെ പോലെ തന്നെ 2017-18 അദ്ധ്യയന വർഷത്തേക്കും ഓരോ സ്കൂളുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റിംഗ് അതാത് സ്കൂളുകളിൽ നിന്നും നേരിട്ട് www.itschool.gov.in എന്ന വെബ്സൈറ്റിലാണ് നൽകേണ്ടത്.

**ഇൻഡന്റിംഗിനുള്ള വിവിധ ഘട്ടങ്ങൾ**

www.itschool.gov.in എന്ന വെബ്സൈറ്റിൽ Text Book Supply Monitoring System എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അതാത് സ്കൂളുകൾക്കുള്ള സമ്പൂർണ്ണ

യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്. അതിനു ശേഷം സ്കൂൾ ഏത് സൊസൈറ്റിയുടെ കീഴിലാണ് വരുന്നതെന്ന് ക്ലിക്ക് ചെയ്ത് തെരഞ്ഞെടുക്കേണ്ടതുമാണ്. തുടർന്ന് എൻട്രി ഫോം ലിങ്കിൽ ക്ലിക്ക് ചെയ്ത് സ്റ്റാൻഡേർഡ് സെലക്ട് ചെയ്യുമ്പോൾ അതാത് സ്റ്റാൻഡേർഡിൽ വരുന്ന ടൈറ്റിലുകൾ ലഭ്യമാകും. ഇതിൽ Number of books required എന്ന കോളത്തിൽ ഓരോ ടൈറ്റിലിലും വേണ്ട ബുക്കുകളുടെ എണ്ണം എന്റർ ചെയ്ത് സേവ് ചെയ്യേണ്ടതാണ്. Total students of Sampoorna എന്ന തലക്കെട്ടിൽ കാണുന്ന കുട്ടികളുടെ എണ്ണം സമ്പൂർണ്ണ പ്രകാരം 2017-18 വർഷത്തേക്ക് വരാവുന്ന കുട്ടികളുടെ എണ്ണമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എല്ലാ സ്കൂളുകളും അവരവരുടെ സൊസൈറ്റി മാപ്പ് ചെയ്തു എന്നത് ഉറപ്പുവരുത്തണം. **9, 10 ക്ലാസ്സുകളിലെ അതാത് വിഷയങ്ങളെടുക്കുന്ന അധ്യാപകരുടെ എണ്ണമനുസരിച്ച് ഓരോ അദ്ധ്യാപകർക്കും ഒരു ബുക്ക് വീതം അധികമായി ഇൻഡന്റ് ചെയ്യാവുന്നതാണ്.** 2016-17 അദ്ധ്യയന വർഷത്തിലെ ആറാം സാദ്ധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണം ഐടിസ്കൂൾ അധികൃതർക്ക് അറിവുള്ളതാണ്. ആയതിനാൽ 2017-18 **അധ്യയന വർഷത്തേക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കൃത്യമായ പാഠപുസ്തകങ്ങൾ മാത്രം ഇൻഡന്റിംഗ് നടത്തേണ്ടതാണ്. സ്കൂൾ പ്രധാനാധ്യാപകർ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രം പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് മാത്രവുമല്ല 31.12.2016** നു ശേഷം തിരുത്തലുകൾ വരുത്തുന്നതിനും എഡിറ്റിംഗിനും യാതൊരു കാരണവശാലും സമയം അനുവദിക്കുന്നതുമല്ല. **ആയതിനാൽ അപ്‌ലോഡ് ചെയ്ത ഇൻഡന്റിന്റെ പകർപ്പ് അതാത് പ്രധാനാധ്യാപകർ എടുത്ത് ഒപ്പുവച്ച് സൂക്ഷിക്കേണ്ടതാണ്.**

## അംഗീകാരമുള്ള അൺഎയിഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾക്ക് ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകളും സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് മുകളിൽ പറഞ്ഞ രീതിയിൽ ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തി സേവ് ചെയ്ത് ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്.

സി.ബി.എസ്.ഇ/നവോദയ സ്കൂളുകളും അവർക്ക് ആവശ്യമായ ഭാഷാ വിഷയങ്ങളിലെ പാഠപുസ്തകങ്ങൾക്കായി www.itschool.gov.in എന്ന വെബ്സൈറ്റിൽ സി.ബി.എസ്.ഇ/നവോദയ സ്കൂൾ ടെക്സ്റ്റുബുക്ക് ഇൻഡന്റിംഗ് രജിസ്ട്രേഷൻ എന്ന ലിങ്കിൽ പ്രവേശിച്ച് അവരുടെ സ്കൂൾ ആദ്യം രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന സ്കൂൾ കോഡ്, സ്കൂൾ ഐഡി എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഇൻഡൻറ് രേഖപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള സ്കൂളുകളുടെ ഇൻഡന്റിംഗ് 22.12.2016 മുതൽ 31.12.2016 വരെ വെബ്സൈറ്റിൽ നൽകാവുന്നതാണ്.

**<u>ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ :-</u>**

ജില്ലാ വിദ്യാഭ്യാസ ആഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ അവർക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ഐടിസ്കൂൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളുടെ ഇൻഡന്റിംഗ് പൂർത്തിയായിട്ടുണ്ടെന്ന് **31/12/2016** ന് മുമ്പ് ഉറപ്പാക്കേണ്ടതാണ്. അതിനു ശേഷം confirm ലിങ്കിൽ ക്ലിക് ചെയ്ത് confirmation നൽകേണ്ടതാണ്. **ഇക്കാര്യത്തിൽ അതീവ ശ്രദ്ധ കേന്ദ്രീകരിയ്ക്കണമെന്നുള്ള വിവരം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും തങ്ങളുടെ റവന്യൂ ജില്ലയിലെ എല്ലാ പ്രഥമാധ്യാപകരും യഥാസമയത്തു തന്നെ ഇൻഡന്റ് പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## ***Indenting/Confirmation*** *സമയക്രമം*

| | | |
|---|---|---|
| 1. | ഗവ./എയ്ഡഡ്/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകൾ | - **22.12.2016 മുതൽ 31.12.2016 വരെ** |
| 2. | സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾ | - **22.12.2016 മുതൽ 31.12.2016 വരെ** |
| 3. | ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ കൺഫർമേഷൻ നടത്തേണ്ട തീയതി | - **22.12.2016 മുതൽ 31.12.2016 വരെ** |

അനുവദനീയമായ സമയപരിധിക്കുള്ളിൽ ഓരോ സ്കൂളുകളിൽ നിന്നും അടുത്ത വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും നിശ്ചിത തീയതിക്കു ശേഷം പാഠപുസ്തക ആവശ്യാർത്ഥം മറ്റൊരു ഇൻഡന്റിംഗ് സംവിധാനം സ്കൂളകൾക്ക് ഏർപ്പെടുത്തുന്നതല്ല.

***പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം***

**പാഠപുസ്തക ആഫീസർ**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

(തങ്ങളുടെ അധികാരാതിർത്തിയിലുള്ള എല്ലാ പ്രഥമാധ്യാപകർക്കും (അംഗീകാരമുള്ള അൺഎയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾ അടക്കം) സർക്കുലർ അയച്ചു കൊടുക്കേണ്ടതാണ്. അതോടൊപ്പം ഏതെങ്കിലും കാരണവശാൽ പ്രധാനാദ്ധ്യാപകൻ / പ്രിൻസിപ്പാൾ ഇൻഡന്റിംഗ് സമയത്ത് ലീവ് ആണെങ്കിൽ ചാർജ്ജുള്ള അദ്ധ്യാപകർ മുഖേന സമയബന്ധിതമായി ഇൻഡന്റിംഗ് നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പാക്കേണ്ടതാണെന്നുള്ള വിവരവും അറിയിക്കുന്നു).